(എഫ്) ടി.വി.എസ്. മുതൽ കൈമനം ജംഗ്ഷൻ വരെയുള്ള ഭാഗത്ത് റോഡ്ഡിന്റെ ഇരുവശത്തുനിന്നും ഒരേ വീതിയിൽ ഭൂമി അക്വയർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിശദ നഗരാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി കരമന-പാപ്പനംകോട് റോഡ് വികസിപ്പിക്കുന്നതിനുള്ള നടപടികൾ തദ്ദേശ ഭരണ വകുപ്പ് നടത്തിവരികയാണ്. ആയതിനാൽ ഈ റോഡിന്റെ വികസനത്തിനു വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ തദ്ദേശഭരണ വകുപ്പിന്റെ നിർദ്ദേശാനുസരണമാണ് നടക്കുന്നത്.

(ഇ&എഫ്) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ റോഡ് വികസനത്തെക്കുറിച്ചുള്ള പഠനം

106 (2825) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ റോഡ് വികസനത്തെക്കുറിച്ച് പഠനം നടത്തുന്നതിന് നിയമിച്ചിരുന്ന കൺസൾട്ടൻസികളുടെ പേരുവിവരം വെളിപ്പെടുത്തുമോ ;

(ബി) കൺസൾട്ടൻസിക്കുവേണ്ടി ആകെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ ;

(സി) തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റോഡ് വികസനം സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിൽ നടപ്പാക്കിയ റോഡ് വികസന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) മുൻ സർക്കാരിന്റെ കാലത്ത് റോഡ് വികസനത്തിനായി തിരുവനന്തപുരം നഗരത്തിൽ ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് ഏറ്റെടുത്ത ഭൂമി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) റോഡ് വികസനത്തെക്കുറിച്ച് പഠനം നടത്തുന്നതിനും നടപ്പാക്കുന്നതിനും സംസ്ഥാന പൊതുമരാമത്ത് വകുപ്പിന് സംവിധാനങ്ങൾ നിലവിലുണ്ടോ ;

(എച്ച്) സംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ ആവശ്യമായ എല്ലാ സംവിധാനവുമുണ്ടെന്നിരിക്കെ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്താനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൺസൾട്ടിംഗ് എൻജിനീയറിംഗ് സർവീസ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ന്യൂഡൽഹി.

(ബി) 28,31,500 രൂപ.

(സി) 10 സിറ്റി റോഡുകളും 3 ദേശീയപാത ബൈപ്പാസ് ലിങ്ക് റോഡുകളും രണ്ട് മേൽപ്പാലങ്ങളും ഒരു കീഴ്പ്പാലവും ഉൾപ്പെടെ 42.4 കിലോ മീറ്റർ റോഡ് വീതികൂട്ടി ഉപരിതലം ബലപ്പെടുത്തി ഇരുവശങ്ങളിലുമായി 2 മീറ്റർ വീതിയിൽ നടപ്പാതകളും ആവശ്യമായ ഓടകളും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. തലസ്ഥാന വികസന പദ്ധതിയിൻകീഴിൽ അഭിവൃദ്ധിപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള റോഡുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിൽ ഏറ്റെടുത്ത പ്രധാന റോഡുപണികൾ ആറുവരിപ്പാത (ഓവർ ബ്രിഡ്ജ്) വെള്ളയമ്പലം തൈക്കാട് റോഡ് ഇവയാണ്.

(ഇ) മുൻ സർക്കാരിന്റെ കാലത്ത് 'ട്രിഡ' മുഖാന്തിരം വെള്ളയമ്പലം തൈക്കാട് റോഡിന്റെയും കരമന പാപ്പനംകോട് റോഡിന്റെയും വികസനത്തിനായി സർക്കാർ ഭൂമിയും സൗജന്യമായി ലഭിച്ച കുറച്ചുഭൂമിയും ഏറ്റെടുത്തു, കരമന കിള്ളിപ്പാലം റോഡിന്റെ വികസനത്തിന് പൊന്നുംവില നടപടിയിലൂടെ സ്ഥലം ഏറ്റെടുത്തു. മസ്ക്കറ്റ് ഹോട്ടൽ കോമ്പൗണ്ടിൽ നിന്നും സ്ഥലം ലഭ്യമാക്കി. വി.ജെ.ടി. ഹാൾ സണ്ണിമേട ലെയിനിൽ സർക്കാർ ഭൂമി ലഭ്യമാക്കി. പാളയം പാറ്റൂർ റോഡിൽ സർക്കാർ ഭൂമി ഏറ്റെടുത്തു.

(എഫ്) പുന്നൻ റോഡ് വികസനത്തിന് സൗകര്യഭൂമി പൊന്നുംവിലയ്ക്ക് എടുത്തു.

(ജി) ഉണ്ട്.

(എച്ച്) കേരള റോഡ്ഫണ്ട് ബോർഡും ഡ്രിക്ക് ബോർഡിനോട് അനുബന്ധിച്ചുള്ള പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റുമാണ് ഇത്തരം പ്രവൃത്തികൾ ചേയ്യേണ്ടത്. എന്നാൽ ഇതിനാവശ്യമായ സജ്ജീകരണങ്ങൾ എല്ലാം നടപ്പിലാക്കി വരുന്നതേയുള്ളൂ. എന്നിരുന്നാലും ചെറിയ പദ്ധതികൾ ഇപ്പോൾത്തന്നെ പൊതുമരാമത്തുവകുപ്പ് നേരിട്ട് നടപ്പിലാക്കാൻ തുടങ്ങിയിട്ടുണ്ട്. ലോകബാങ്ക് പദ്ധതിയിൻകീഴിൽ വരുന്ന പണികൾക്കും തലസ്ഥാന നഗരവികസന പദ്ധതികൾക്കും മാത്രമേ സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ളൂ.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[14-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 106 (2825) കാണുക]

1. പി. എം.ജി.-എൽ.എം.എസ്-വെള്ളയമ്പലം-കവടിയാർ-വെള്ളയമ്പലം- ശാസ്തമംഗലം റോഡ്.

2. എൽ.എം.എസ്- അട്ടക്കുളങ്ങര റോഡ്.

3. മ്യൂസിയം -ബേക്കറി-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡ്.

4. പാളയം-പേട്ട-ചാക്ക-എയർപോർട്ട് റോഡ്.

5&6 നാലുമുക്ക്-വഞ്ചിയൂർ-പഴവങ്ങാടി-ചൂരക്കാട്ടു പാളയം പാറ്റൂർ-വഞ്ചിയൂർ റോഡ്.

7. വാൻ റോസ്-ഊറ്റുകുഴി-സെക്രട്ടേറിയേറ്റ് റോഡ്.

8. പട്ടം-കുറവൻകോണം-കവടിയാർ റോഡ്.

9. പട്ടം-പൊട്ടക്കുഴി-മെഡിക്കൽകോളേജ്-ഉള്ളൂർ-കൊച്ചുള്ളൂർ റോഡ്.

10. കവടിയാർ-പേരൂർക്കട-വഴയില റോഡ്

2. എൻ.എച്ച്. -ലിങ്ക് റോഡുകൾ

1. അട്ടക്കുളങ്ങര-ഈഞ്ചക്കൽ (പുത്തൻ സ്ട്രീറ്റ്)

2. ശ്രീകണ്ഠേശ്വരം ആറാട്ടു റോഡ്- ഈഞ്ചക്കൽ

3. ജി.ജി.ഹോസ്പിറ്റൽ-കുമാരപുരം-വെൺപാലവട്ടം എൻ.എച്ച്. ബൈപാസ് ജംഗ്ഷൻ

ബേക്കറി ജംഗ്ഷൻ, പഴവങ്ങാടി എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ എം.എൽ.എ. ക്വാർട്ടേഴ്സ്, പാളയം, ബേക്കറി കീഴ്പാലം

LIBRARY ARCHIVES Kerala Legislative Assembly